"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് വരോട് എ.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സൗമ്യശ്രീ വി.കെ. ഫയൽ ചെയ്ത WP(C)No. 8341/202- മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 10/03/2023-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.8126/2023/GEDN തീയതി, തിരുവനന്തപുരം, 20-12-2023**

---

പരാമർശം:-

1. പാലക്കാട് വരോട് എ.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സൗമ്യശ്രീ വി.കെ. സർക്കാരിൽ സമർപ്പിച്ച 27/02/2023 തീയതിയിലെ പരിശോധനാ ഹർജി(Ext.P10).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 8341/2023-മേലുള്ള 10/03/2023 തീയതി വിധിന്യായം.
3. ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17/05/2023 തീയതിയിലെ ഡി/734/2023(1) നമ്പർ കത്ത്.
4. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/05/2023 തീയതിയിലെ DEOOTP/688/2023-B4 നമ്പർ കത്ത്.
5. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 31/05/2023 തീയതിയിലെ DDEPKD/1802/2023-B2 നമ്പർ കത്ത്.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31/05/2023 തീയതിയിലെ ജി1/7143/2023/ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് വരോട് എ.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സൗമ്യശ്രീ വി.കെ. ഫയൽ ചെയ്ത WP(C)No. 8341/2023-മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ EXT P4(g), EXT P5, EXT P6 , EXT P7, EXT P8, EXT P9 എന്നിവയുടെ അടിസ്ഥാനത്തിൽ, ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext.P10) പുന:പരിശോധനാ ഹർജി പരിശോധിച്ച്, ഹർജിക്കാരിയെയും ആറാം എതിർകക്ഷിയായ സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കുന്നതിന്, ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

അപ്രകാരം ബന്ധപ്പെട്ട കക്ഷികളെ 01.06.2023 തീയതിയിൽ ഗൂഗിൾ മീറ്റ് സംവിധാനം മുഖേന കേൾക്കുകയുണ്ടായി

**2. ഹർജിക്കാരി ശ്രീമതി. സൗമ്യശ്രീയുടെ അപേക്ഷ ചുവടെ ചേർക്കുന്നു.**

"വാരോട് എ.യു.പി.സ്കൂളിലെ യു.പി.അദ്ധ്യാപിക ശ്രീമതി. സുമതി പള്ളിയാൽത്തൊടി 20/10/2022 മുതൽ 28/02/2023 വരെ എടുത്തിരുന്ന പരിവർത്തിതാവധി ഒഴിവിൽ 20/10/2022 മുതൽ 28/02/2023 വരെ ദിവസവേതനാടിസ്ഥാനത്തിൽ എന്നെ നിയമിച്ചിരുന്നു.

പ്രസ്തുത നിയമനം താഴെ പറയുന്ന കാരണങ്ങളാൽ ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു.

സെക്കൻഡറി/ഹയർ സെക്കൻഡറി തലങ്ങളിലോ ബിരുദ/ബിരുദാനന്തര/ അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതാ തലങ്ങളിലോ നിയമനാർത്ഥി (ഞാൻ) മലയാളം ഒരു ഭാഷയായി പഠിച്ചിട്ടില്ല. ഇവയിൽ ഏതെങ്കിലും ഒരു തലത്തിൽ മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുണ്ടെങ്കിൽ മാത്രമേ LPST/UPST നിയമനത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ എന്ന് സ.ഉ.(കൈ)നമ്പർ.67/2018/പൊ.വി.വ തിയതി 22/05/2018-ൽ വ്യക്തമാക്കിയിട്ടുണ്ട്. നിയമനാർത്ഥി സമർപ്പിച്ചിട്ടുള്ള സംസ്ഥാന സാക്ഷരതാ മിഷന്റെ "പച്ച മലയാളം" കോഴ്സ് വിജയിച്ചതായുള്ള സർട്ടിഫിക്കറ്റ് LPST/UPST നിയമനത്തിന് മതിയായ യോഗ്യതയായി അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവുകളൊന്നും സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ KER അദ്ധ്യായം XIV A ചട്ടം 8 (3) പ്രകാരം ഈ നിയമനം നിരസിച്ചുത്തരവാകുന്നു.

സ.ഉ.(കൈ)നമ്പർ 67/2018/പൊ.വി.വ തീയതി 22.05.2018 പ്രകാരം KER-ൽ നാളിതുവരെ ഭേദഗതി വരുത്തിയിട്ടില്ല എന്ന് ബോധിപ്പിക്കുന്നു.

സ.ഉ.(കൈ)നമ്പർ 88/2022/പൊ.വി.വ തീയതി 27.05.2022 പ്രകാരം 2022-23 അദ്ധ്യയനവർഷം എയ്ഡഡ് സ്കൂളുകളിൽ 30 ദിവസത്തിൽ കൂടുതൽ ദൈർഘ്യമുള്ള ഒഴിവുകളിൽ ചട്ടപ്രകാരമുള്ള നിയമന നടപടികളും നിബന്ധനകളും പാലിച്ചു കൊണ്ട് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപക നിയമനങ്ങൾ നടത്താൻ മാനേജർമാർക്ക് അനുവാദം നൽകി ഉത്തരവായിട്ടുണ്ട്.

എന്റെ നിയമനം നിരസിച്ച ഉത്തരവും സാഹചര്യവും പരിശോധിക്കുന്ന ഈ അവസരത്തിൽ താഴെ വിവരിക്കുന്ന വസ്തുതകളും സമാന സ്വഭാവത്തിലുള്ള കേസുകളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും കൂടി പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

കേരളത്തിലെ എയ്ഡഡ് മേഖലയിലെ അദ്ധ്യാപക/അനദ്ധ്യാപക നിയമനങ്ങൾ കേരള വിദ്യാഭ്യാസ നിയമത്തെ (കെ.ഇ.ആർ) അടിസ്ഥാനപ്പെടുത്തിക്കൊണ്ട് നടത്തുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

കെ.ഇ.ആർ. അദ്ധ്യായം 31 ചട്ടം 3-ലാണ് UPST നിയമനത്തിനുള്ള യോഗ്യതകളെ കുറിച്ച് പരാമർശിച്ചിട്ടുള്ളത്. കെ.ഇ.ആർ.ലെ നിലവിലുള്ള നിയമപ്രകാരം UPST നിയമനത്തിന് വേണ്ട യോഗ്യതകളിൽ ഒന്നും തന്നെ സെക്കൻഡറി, ഹയർ സെക്കൻഡറി എന്നിവയിൽ ഏതെങ്കിലും ഒന്നിൽ മലയാളം ഒരു പാഠ്യവിഷയമായി പഠിച്ചിരിക്കണമെന്നോ, ബിരുദ ബിരുദാനന്തര അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതകൾ എന്നിവയിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റെഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിരിക്കണമെന്നോ നിഷ്കർഷിച്ചിട്ടില്ല.

മേൽ പറഞ്ഞ KER-ലെ സ്റ്റാറ്റ്യൂട്ടറി ചട്ടത്തിന് നാളിതു വരെയും ഭേദഗതി വരുത്തിയിട്ടില്ല എന്നതിനാൽ മലയാളം പഠിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിച്ച നിരവധി നിയമനങ്ങൾ സർക്കാർ തന്നെ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. അവയിൽ വളരെ പ്രധാനപ്പെട്ട ഉത്തരവുകളുടെ വിശദീകരണം ചേർക്കുന്നു.

ജി.ഒ.(പി) നമ്പർ 10/2022 തിയതി 14/10/2022/പി.&എആർഡി പ്രകാരം കെ.എസ് & എസ്.എസ്.ആർ. ചട്ടം 10-ന് വരുത്തിയ ഭേദഗതി അനുസരിച്ച് മലയാളം പഠിച്ചിട്ടില്ലാത്തവർ പ്രൊബേഷണറായി സേവനത്തിൽ പ്രവേശിച്ചാൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുൻപ് PSC നടത്തുന്ന മലയാളം ടെസ്റ്റ് പാസ്സായാൽ മതിയെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. അതായത്, സേവനത്തിൽ പ്രവേശിക്കുന്നതിന് മലയാളം പഠിച്ചിട്ടില്ലായെന്നത് അയോഗ്യതയായി കണക്കാക്കുന്നില്ല. മറിച്ച് പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുൻപ് PSC നടത്തുന്ന മലയാളം പരീക്ഷ പാസ്സായാൽ മതിയെന്നാണ്.

LP/UP അദ്ധ്യാപക നിയമനത്തിന് മലയാളം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വളരെ മുൻപ് തന്നെ അദ്ധ്യാപക നിയമനത്തിന് അവശ്യം വേണ്ട അക്കാദമിക് യോഗ്യതകൾ ഞാൻ നേടിയിട്ടുണ്ട്. KER-ലെ ചട്ടങ്ങൾക്ക് ഭേദഗതി വരുത്താതെയാണ് LP/UP അദ്ധ്യാപക നിയമനത്തിന് മലയാളം നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

ഞാൻ കേരളാ സംസ്ഥാനത്തിലുൾപ്പെടുന്ന പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ഗ്രാമത്തിൽ ജനിച്ച് വളർന്നതാണ്. ഞാനുൾപ്പെടുന്ന കുടുംബാംഗങ്ങൾ എല്ലാവർക്കും മലയാളം സംസാരിക്കാനും എഴുതാനും വായിക്കാനും കഴിയുന്നവരാണ്. എന്റെ ഗ്രാമവാസികളും മലയാളം

തന്നെയാണ് എഴുതുന്നതും സംസാരിക്കുന്നതും. ഞാനും എന്റെ കുടുംബവും അയൽ സംസ്ഥാനത്തിൽ നിന്നും വന്നവരല്ല. എന്റെ അച്ഛൻ ഇന്ത്യൻ ആർമി ഉദ്യോഗസ്ഥൻ ആയിരുന്നു. ഈ കാരണത്താലാണ് കേന്ദ്രീയ വിദ്യാലയത്തിൽ ഞാൻ പഠിക്കാൻ ഇടയായത്.

കേരളത്തിൽ ജനിച്ചു വളർന്ന, മലയാളം സംസാരിക്കുകയും, എഴുതുകയും വായിക്കുകയും ചെയ്യുന്ന എനിക്ക് വിദ്യാർത്ഥികളുമായി ആശയ വിനിമയം നടത്തുന്നതിനും, പാഠ്യവിഷയങ്ങൾ വിദ്യാർത്ഥികൾക്ക് വിശദീകരിച്ചു മനസ്സിലാക്കി കൊടുക്കുന്നതിനും സാധിക്കും. വിദ്യാർഥികൾ എഴുതുന്നത് വായിച്ചു മനസ്സിലാക്കി വിദ്യാർഥികളുടെ കഴിവും, പ്രാപ്തിയും മനസ്സിലാക്കുന്നതിനും, അതിനനുസരിച്ചു വിദ്യാർഥികളെ വേണ്ടവിധം വളർത്താനും എനിക്ക് യാതൊരു പ്രയാസവും ഇല്ലെന്നും ഇതിനാൽ ബോധിപ്പിക്കുന്നു.

ഇതിന് പുറമെ, കേരള സർക്കാരിന്റെ കീഴിലും നിയന്ത്രണത്തിലുമുള്ള സാക്ഷരതാ മിഷൻ നടത്തുന്ന പച്ച മലയാളം കോഴ്സ് പരീക്ഷ "എ" ഗ്രേഡോടെ ഞാൻ പാസ്സ് ആയിട്ടുണ്ട്. ഇതിൽ നിന്നും എനിക്ക് മലയാളം അനായാസം കൈകാര്യം ചെയ്യാൻ സാധിക്കും എന്ന് മനസ്സിലാക്കാവുന്നതാണ്.

14/10/2022-ൽ KS&SSR ചട്ടം 10-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് PSC ഇന്നേ വരെ മലയാളം പരീക്ഷ നടത്തിയിട്ടില്ല.

KER അദ്ധ്യായം 31 ചട്ടം (3) പ്രകാരം ഡിഗ്രിയും പ്രസ്തുത ഡിഗ്രിയിൽ തന്നെയുള്ള B.Ed-ഉം UPST നിയമനത്തിന് അനുയോജ്യമായ യോഗ്യതകളാണ്. B.Ed-ന് അഡ്മിഷൻ നൽകുമ്പോൾ മലയാളം പഠിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല, മലയാളം പഠിക്കാത്തവർക്ക് B.Ed കോഴ്സിന് അഡ്മിഷൻ നൽകുന്നതിന് നാളിതുവരെ നിയന്ത്രണങ്ങൾ/വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതായി അറിയില്ല. B.Ed പരിശീലനത്തിന്റെ ഭാഗമായി ഞാൻ ട്രെയിനിംഗ് ക്ലാസ്സുകൾ നടത്തിയിട്ടുള്ളത് മലയാളം മീഡിയം സ്കൂളുകളിലാണ്.

സമാന സ്വഭാവമുള്ള കേസുകളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ് താഴെ വിവരിക്കുന്ന ഉത്തരവുകൾ.

1) കടമ്പൂർ HSS-ലെ ശ്രീമതി.പി.വി.ദിവ്യശ്രീ ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.15015/2019-മേലുള്ള 31.05.2019-ലെ വിധിന്യായം നടപ്പിലാക്കി പുറപ്പെടുവിച്ചിട്ടുള്ളതാണ് സർക്കാർ ഉത്തരവ് നം. എ2/187/2019 പൊ.വി.വ. തിയതി 29/08/09. പ്രസ്തുത ഉത്തരവിൽ സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളെ സർക്കാർ ഉത്തരവ് വഴി മറികടക്കാൻ സാദ്ധ്യമല്ലെന്ന നിരവധി കോടതി വിധികൾ സർക്കാരിന്റെ മുന്നിലുണ്ടെന്നും, ശ്രീമതി ദിവ്യശ്രീ പി.വി. KER അദ്ധ്യായം 31 ചട്ടം 3 പ്രകാരം യോഗ്യത നേടിയ ആളാണെന്നും, ഈ

സാഹചര്യത്തിൽ, ടിയാരിയുടെ നിയമനാംഗീകാരത്തിനെതിരായ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഡിററ് തടസ്സവാദം നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകുന്നു.

2) കോട്ടയം MD സെമിനാരി HSS-ലെ UPST ശ്രീമതി.സിന്ധു കുര്യൻ ഫയൽ ചെയ്ത 35090/19 നമ്പർ റിട്ട് ഹർജ്ജിയിൽ ബഹു ഹൈക്കോടതി 19/12/19-ന് പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം നടപ്പിലാക്കി പുറപ്പെടുവിച്ചിട്ടുള്ളതാണ് സർക്കാർ ഉത്തരവ് (സാധാ) നം.1488/20 പൊ.വി.വ തിയതി 30/04/2020.

കോട്ടയം MD സെമിനാരി HSS-ലെ UPST ആയിരുന്ന ശ്രീമതി.ആനി എബ്രഹാം 30/04/19-ൽ വിരമിച്ച ഒഴിവിൽ ശ്രീമതി. സിന്ധു കുര്യനെ 06/06/19 മുതൽ UPST ആയി നിയമിച്ചിരുന്നു. ടിയാളുടെ യോഗ്യതകൾ BA, MA, BEd, SET എന്നിവയാണ്. UPST അദ്ധ്യാപിക ആവാൻ KER അദ്ധ്യായം 31 ചട്ടം 3 (1)-ൽ നിഷ്ക്കർഷിക്കുന്ന യോഗ്യതകൾ ടിയാരിക്കുണ്ട്. KER-ലെ ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടറി നിയമങ്ങൾക്കു ഭേദഗതി വരുത്താതെ മലയാളം പഠിച്ചിട്ടില്ല എന്ന കാരണത്താൽ നിയമനം നിരസിക്കാൻ ആവില്ല. അതിനാൽ ശ്രീമതി. സിന്ധു കുര്യന്റെ 06/06/19 മുതലുള്ള UPST തസ്തികയിലെ നിയമനം അംഗീകരിക്കാൻ നിർദ്ദേശം നൽകുന്നു.

3) കണ്ണൂർ തളിപറമ്പ സൗത്ത് ഉപജില്ലയുടെ പരിധിയിൽപ്പെട്ട മൊറാഴ സെൻട്രൽ യുപി സ്കൂളിൽ UPST ആയി നിയമിക്കപ്പെട്ട ശ്രീമതി.കെ. പ്രിയങ്ക ഫയൽ ചെയ്ത WP(C)No.18233/2019 കേസിൽ ബഹു. ഹൈക്കോടതി 22/01/2020-ന് പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം നടപ്പിലാക്കി പുറപ്പെടുവിച്ചിട്ടുള്ളതാണ് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 424/20 തിയതി 22/01/20.

ശ്രീമതി.കെ. പ്രിയങ്കയെ 01/06/2018 മുതൽ ഒരു അധിക തസ്തികയിൽ മാനേജർ നിയമിച്ചു. സെക്കൻഡറി/ഹയർ സെക്കൻഡറി/ബിരുദ/ബിരുദാനന്തര തലത്തിലോ അദ്ധ്യാപക ട്രെയിനിംഗ് തലത്തിലോ മലയാളം ഒരു ഭാഷയായി പഠിച്ചിട്ടില്ല എന്ന കാരണത്താൽ ടി നിയമനം നിരസിച്ചു. കണ്ണൂർ സർവ്വകലാശാലയിൽ നിന്ന് B.Sc, B.Ed യോഗ്യതകൾ നേടിയിട്ടുണ്ടെന്നും മലയാളം മീഡിയം സ്കൂളുകളിലെ LPST, UPST നിയമനത്തിന് SSLC-ക്ക് പാർട്ട് 1-ലോ, പാർട്ട് II-ലോ മലയാളം പഠിക്കാത്ത /മലയാളം മീഡിയത്തിൽ പഠിക്കാത്തവർക്ക് മലയാളം മീഡിയം സ്കൂളുകളിലെ LPST, UPST നിയമനത്തിന് യോഗ്യതയില്ലെന്നുള്ള 19/03/2002-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 534/2002-ന് അനുസരിച്ചുള്ള ഭേദഗതി KER-ൽ വരുത്തിയിട്ടില്ലാത്തതിനാലും, സ്റ്റാററ്യൂട്ടറി ചട്ടങ്ങളെ ഉത്തരവ് വഴി മറികടക്കാൻ കഴിയാത്ത സാഹചര്യത്തിലും KER അദ്ധ്യായം 31 ചട്ടം 3 (1) പ്രകാരം UPST നിയമനത്തിന്

ആവശ്യമായ യോഗ്യതകൾ നേടിയിട്ടുള്ള ശ്രീമതി. പ്രിയങ്കയുടെ 01/06/2018 മുതലുള്ള അധികതസ്തികയിലെ നിയമനം KER അദ്ധ്യായം 21 ചട്ടം 7-ലെ വ്യവസ്ഥകൾ പാലിച്ച് മറ്റു വിധത്തിൽ യോഗ്യമെങ്കിൽ അംഗീകരിക്കാൻ ഉത്തരവായിട്ടുണ്ട്.

4) എറണാകുളം, പാറക്കടവ് NSSHS-ലെ UPST ശ്രീമതി.ദൃശ്യ ജഗദീഷിന്റെ 22/07/2021 മുതലുള്ള നിയമനം സെക്കൻഡറി, ഹയർ സെക്കൻഡറി തലങ്ങളിൽ മലയാളം ഒരു ഭാഷയായി പഠിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിച്ചതിനെതിരെ ബഹു: ഹൈക്കോടതിയിൽ WP(C)No. 23384/21 കേസ് ഫയൽ ചെയ്യുകയും കെ.ഇ.ആർ.ലെ നിയമ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഒരു സർക്കാർ ഉത്തരവുണ്ടെങ്കിൽ അതിനെ നീതീകരിക്കാൻ സാധിക്കുകയില്ല എന്ന ബഹു: ഹൈക്കോടതിയുടെ 07/09/2016-ലെ WP(C)No. 29317/2016 എന്ന വിധിന്യായത്തിലൂടെ വ്യക്തമാക്കുകയുണ്ടായി.

മേപ്പടി ഉത്തരവിനെതിരെ WA No.135/2017 ആയി ഡിവിഷൻ ബെഞ്ചിൽ സർക്കാർ അപ്പീൽ സമർപ്പിച്ചെങ്കിലും 07/09/2016-ലെ സിംഗിൾ ബെഞ്ചിന്റെ വിധി ഡിവിഷൻ ബെഞ്ച് ശരി വെക്കുകയുണ്ടായി. അത് പ്രകാരം ശ്രീമതി. ദൃശ്യ ജഗദീഷിന്റെ 22/07/2021 മുതലുള്ള UPST തസ്തികയിലെ നിയമനം അംഗീകരിക്കാൻ സ.ഉ.(സാധാ)നം.3327/22 തിയതി 02/06/22 പ്രകാരം ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5) തൃശ്ശൂർ ജില്ലയിലെ സെന്റ് പയസ് ടെൻത് സ്കൂളിലെ UPST ശ്രീമതി. ബിനി ബേബിയുടെ 01/06/2017 മുതലുള്ള നിയമനം അംഗീകരിക്കാൻ വടക്കാഞ്ചേരി ഉപജില്ലാ ഓഫീസർക്ക് നിർദേശം നൽകി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ് ഉത്തരവ് നം. 4316/21/പൊ.വി.വ. തിയതി 29/09/2021.

ശ്രീമതി. ബിനി ബേബി ജൂലൈ 18-ൽ കേരളാ സാക്ഷരതാ മിഷൻ നടത്തിയ പച്ച മലയാളം സർട്ടിഫിക്കറ്റ് കോഴ്സ് പാസ്സായിട്ടുള്ളതിനാലും, സമാന സാഹചര്യത്തിലുള്ള കേസിൽ അംഗീകാരം നൽകിയിട്ടുള്ളതിനാലും, 19/03/2002-ലെ സ.ഉ.(സാധാ)നം.534/2002/പൊ.വി.വ അനുസരിച്ചുള്ള ഭേദഗതി കെ.ഇ.ആർ.ൽ വരുത്തിയിട്ടില്ലാത്തതിനാലും, സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളെ ഉത്തരവ് വഴി മറികടക്കാൻ കഴിയാത്ത സാഹചര്യത്തിലും കെ.ഇ.ആർ. അദ്ധ്യായം 31 ചട്ടം 3 പ്രകാരം UPST നിയമനത്തിന് ആവശ്യമായ ബിരുദ/ അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതകൾ നേടിയിട്ടുള്ള ഹർജിക്കാരിയുടെ വടക്കാഞ്ചേരി സെന്റ് പയസ് ടെൻത് സ്കൂളിലെ UPST ശ്രീമതി. ബിനി ബേബിയുടെ 01/06/2017 മുതലുള്ള നിയമനം അംഗീകരിക്കാൻ വടക്കാഞ്ചേരി ഉപജില്ലാ ഓഫീസർക്ക്

നിർദേശം നൽകി ഉത്തരവായി.

6) Sharmina.V.M. Vs the Deputy Director of Education) ബഹു. ഹൈക്കോടതി താഴെ പറയും പ്രകാരം നിരീക്ഷിക്കുകയും മലയാളം ഒരു പാഠ്യവിഷയമായി പഠിച്ചിട്ടില്ലാത്ത ഷർമിനയുടെ നിയമനം അംഗീകരിക്കുവാൻ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്.

"It is trite that Government Orders prescribing qualification cannot supplant the qualifications prescribed in the Rules and in the event of conflict, it is the Rule that should prevail".

നിയമപരമായ ഒരു തർക്കം ഉണ്ടാവുമ്പോൾ സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങൾക്കാണ് പ്രാധാന്യവും മുൻപരിഗണനയും നൽകേണ്ടതെന്ന് നിരവധി ഉത്തരവുകളിലൂടെ ബഹു. ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്.

7) കെ.ഇ.ആർ.ലെ നിയമനങ്ങൾ അനുശാസിക്കുന്ന തരത്തിലാണ് നിയമനങ്ങൾ അംഗീകരിക്കേണ്ടതെന്നും അതിനാൽ തന്നെ സർക്കാർ ഉത്തരവുകളെ അടിസ്ഥാനപ്പെടുത്തി നിയമനങ്ങൾ നിരസിക്കുന്നത് ന്യായമല്ല എന്നുമാണ് കോടതി ഇക്കാര്യത്തിൽ വിധി പ്രസ്താവിച്ചിട്ടുള്ളത്. പ്രസ്തുത കോടതി വിധിയെ അടിസ്ഥാനപ്പെടുത്തി മലപ്പുറം എം.എം.ഹയർ സെക്കൻഡറി സ്കൂളിലെ UPST ശ്രീമതി.കെ.എം.സലീനയുടെ നിയമനം അംഗീകരിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ് സ.ഉ.(സാധാ)നം.2599/2021/പൊ.വി.വ. തീയതി 19.04.2021 പ്രകാരമുള്ള ഉത്തരവ്.

8) മുകളിൽ വിവരിച്ച വിധത്തിലുള്ള മറ്റൊരു കേസിൽ പരാതിക്കാരൻ ശ്രീ.അരുൺ കെ.യ്ക്ക് അനുകൂലമായി പുറപ്പെടുവിച്ചിട്ടുള്ളതാണ് G.O.(Rt)No. 962/22/GEDN dated 19.02.2022.

9) WP(C)No. 39829/2018) ബഹു. കോടതി നടത്തിയ നിരീക്ഷണം ചുവടെ ചേർക്കുന്നു.

മഞ്ചപ്ര പി.കെ.ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീമതി. പ്രസീല എസ്. UPST-യുടെ അംഗീകൃത നിയമനം സെക്കൻഡറി തലത്തിൽ മലയാളം ഒരു പാഠ്യവിഷയമായി പഠിച്ചിട്ടില്ല എന്ന കാരണത്താൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റദ്ദ് ചെയ്യുകയും പ്രസ്തുത വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കുകയുമുണ്ടായി. തുടർന്ന് ശ്രീമതി.പ്രസീല ബഹു: ഹൈക്കോടതിയെ സമീപിക്കുകയും WP(C)No.29317/2016 പ്രകാരമുള്ള ഉത്തരവ് കോടതിയിൽ ഹാജരാക്കുകയും ചെയ്തു. പ്രസ്തുത വിഷയം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനയിൽ ആയതിനാൽ അന്തിമ ഉത്തരവ് ഉണ്ടാകുന്നത് വരെ ശ്രീമതി. പ്രസീലയുടെ

ശമ്പളം തടഞ്ഞുവെക്കാൻ ഗവൺമെന്റ് പ്ലീഡർ വാദിച്ചെങ്കിലും WP(C)No. 29317/2016, Sharmina V.M v/s The Deputy Director of Education കേസിൽ ഷർമിനക്ക് അനുകൂലമായാണ് കോടതി ഉത്തരവ് വന്നത് എന്നതിനാൽ തന്നെ ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇനിയൊരു ഉത്തരവ് പുറപ്പെടുവിക്കേണ്ട ആവശ്യമില്ലെന്നും അതുകൊണ്ട് ശ്രീമതി. പ്രസീലയുടെ തടഞ്ഞു വെച്ചിരിക്കുന്ന ശമ്പളം അനുവദിക്കണമെന്നും ഉത്തരവിടുകയുണ്ടായി.

കെ.ഇ.ആർ അനുശാസിക്കുന്ന നടപടികൾക്ക് വിരുദ്ധമായി സ.ഉ.(കൈ)നം.67/2018/പൊ.വി.വ. തിയതി 22/05/2018 പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നുണ്ടെങ്കിലും അതിന് നിയമപരമായ സാധുതയില്ല. മേൽപ്പറഞ്ഞ ഭേദഗതി കെ.ഇ.ആർ.ൽ വരുത്തിയിട്ടില്ല എന്ന് പ്രസ്തുത ഉത്തരവിൽ തന്നെ വ്യക്തമാക്കുന്നുണ്ട്.

മുകളിൽ വിവരിച്ച എല്ലാ ഉത്തരവുകളിലും കെ.ഇ.ആർ.ലെ സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങൾ ഉത്തരവ് വഴി മറികടക്കാൻ സാധിക്കില്ല എന്ന് വ്യക്തമാക്കിയിരിക്കുന്നു.

ഇതിനു പുറമെ കെ.ഇ.ആർ. അധ്യായം XXXI ചട്ടം 3 പ്രകാരം UPST-ക്ക് വേണ്ട യോഗ്യതകളിൽ ഒന്നും തന്നെ SSLC, Pre-Degree Or +2, Degree, Training എന്നിവ മലയാളം മീഡിയത്തിൽ ആയിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടില്ല. കൂടാതെ, 14-06-2002-ൽ പുറപ്പെടുവിച്ചിട്ടുള്ള G.O.(Ms)No.143/02-ന്റെ appendix-ൽ മലയാളം പാർട്ട് 1, പാർട്ട് 2 അല്ലെങ്കിൽ SSLC-ക്ക് മലയാളം മീഡിയത്തിൽ പഠിച്ചിരിക്കണം എന്ന് പറയുന്നില്ല. ഡിഗ്രി, ബി.എഡ് എന്നിവയുടെ കാര്യത്തിലും മലയാളം നിർബന്ധമായി പഠിച്ചിരിക്കണം എന്ന് പറയുന്നില്ല. ഞാൻ K.TET യോഗ്യത നേടിയിട്ടുള്ളത് കേരളാ പരീക്ഷാഭവൻ നടത്തുന്ന പരീക്ഷയിലൂടെയാണ്.

കേരളത്തിലെ കേന്ദ്രീയ വിദ്യാലയത്തിൽ നിന്നും പത്താം ക്ലാസ് പഠനം പൂർത്തീകരിച്ച വ്യക്തിയാണ്. കേന്ദ്രീയ വിദ്യാലയത്തിൽ പഠിച്ചതിനാലാണ് മലയാളം ഒരു പഠനവിഷയമാകാതിരുന്നത്. കേരള സംസ്ഥാന സർക്കാറിന്റെ ഹയർ സെക്കൻഡറി ബോർഡ് നടത്തുന്ന പരീക്ഷ വിജയിച്ച ശേഷം ഡിഗ്രി, ബി.എഡ് എന്നിവ കോഴിക്കോട് സർവ്വകലാശാലയിൽ നിന്നുമാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന വസ്തുതയും അങ്ങയെ ബോധിപ്പിക്കുന്നു. മേൽപ്പറഞ്ഞ പഠന പദ്ധതിയുടെ ഒരു ഘട്ടത്തിലും മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലെങ്കിൽ അദ്ധ്യാപക തസ്തികയിൽ നിയമനം ലഭിക്കില്ലെന്ന് അറിയിക്കുന്ന യാതൊരു ഉത്തരവുകളും ഞാൻ കണ്ടിട്ടില്ല. ആധികാരിക ഉത്തരവുകൾ ഒന്നും പഠിച്ച സ്ഥാപനത്തിൽ നിന്നും പഠിതാക്കൾക്ക് നൽകിയിട്ടുമില്ല.

അദ്ധ്യാപക നിയമനത്തിന് അവശ്യം വേണ്ട യോഗ്യതയാണ് K.TET. ഈ പരീക്ഷ നടത്തുന്നത് സംസ്ഥാന പരീക്ഷാ ഭവൻ ആണ്. ഞാൻ K.TET പരീക്ഷാ യോഗ്യത നേടിയിട്ടുണ്ട്. അദ്ധ്യാപക നിയമനത്തിന് മാത്രം വേണ്ട K.TET പരീക്ഷയുടെ നോട്ടിഫിക്കേഷനിലും മലയാളം പഠിക്കാത്തവർ K.TET യോഗ്യതാ പരീക്ഷയിൽ വിജയിച്ചാലും നിയമനം അംഗീകരിക്കില്ല എന്ന് രേഖപ്പെടുത്തിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പോസ്റ്റൽ സർവീസിൽ സേവനമനുഷ്ഠിക്കുന്നവരും അവർക്ക് പ്രൊമോഷൻ ലഭിക്കാൻ വേണ്ട യോഗ്യതക്കായി ഇതേ കോഴ്സിൽ ചേർന്ന് പഠിക്കുന്നുണ്ട്, പരീക്ഷ എഴുതുന്നുണ്ട്. അതായത്, കേന്ദ്ര സർക്കാർ സേവനത്തിൽ പോലും കേരളാ സാക്ഷരതാ മിഷന്റെ കോഴ്സും, പരീക്ഷയും അംഗീകരിക്കുന്നുണ്ട്.

എന്റെ കേസ് എല്ലാ അർത്ഥത്തിലും മേൽ വിവരിച്ച കേസുകളുടെ ഗണത്തിൽ പെടുന്നതാകയാൽ മുകളിൽ പറഞ്ഞ വിധത്തിലുള്ള അനുകൂലവിധിക്ക് ഞാനും അർഹയാണെന്നും ആ വിധത്തിലുള്ള ഉത്തരവ് നൽകി എന്റെ പ്രയാസങ്ങൾക്ക് അറുതി വരുത്തണമെന്നും അപേക്ഷിക്കുന്നു. മേൽവിവരിച്ച കാരണങ്ങളാലും സാഹചര്യത്തിലും എന്റെ വിശദീകരണം സ്വീകരിച്ച താഴെ പറയുന്ന അപേക്ഷകളിൽ അനുകൂല ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിക്കുന്നു.

1) 20.10.2022 മുതൽ 28.02.2023 വരെയുള്ള ദിവസവേതനാടിസ്ഥാനത്തിലുള്ള എന്റെ നിയമനം നിരസിച്ച ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നിരസിക്കുക.

2) 20/10/2022 മുതൽ 28/02/2023 വരെയുള്ള ദിവസവേതനാടിസ്ഥാനത്തിലുള്ള എന്റെ നിയമനം അംഗീകരിക്കാൻ ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുക.."

**3. സ്കൂൾ മാനേജർ സമർപ്പിച്ച റിപ്പോർട്ട് ഇപ്രകാരമാണ് :**

"സ.ഉ.(കൈ)നം.88/2022/പൊ.വി.വ. തീയതി 27.05.2022 പ്രകാരം 2022-23 അദ്ധ്യയന വർഷം എയ്ഡഡ് സ്കൂളുകളിൽ 30 ദിവസത്തിൽ കൂടുതൽ ദൈർഘ്യമുള്ള ഒഴിവുകളിൽ ചട്ടപ്രകാരമുള്ള നിയമന നടപടികളും നിബന്ധനകളും പാലിച്ച് കൊണ്ട് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപക നിയമനങ്ങൾ നടത്താൻ മാനേജർമാർക്ക് അനുവാദം നൽകി ഉത്തരവായിട്ടുണ്ട്.

ശ്രീമതി. സൗമ്യശ്രീ പി.കെ.യുടെ നിയമനം നിരസിച്ച ഉത്തരവും സാഹചര്യവും പരിശോധിക്കുന്ന ഈ അവസരത്തിൽ താഴെ വിവരിക്കുന്ന വസ്തുതകളും സമാനസ്വഭാവത്തിലുള്ള

കേസുകളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും കൂടി പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

വരോട് എ.യു.പി.സ്കൂളിലെ യു.പി. അദ്ധ്യാപിക ശ്രീമതി. സുമതി പള്ളിയാൽത്തൊടി 20/10/2022 മുതൽ 28/02/2023 വരെ പരിവർത്തിതാവധിയിൽ പ്രവേശിച്ച ഒഴിവിൽ 20/10/2022 മുതൽ 28/02/2023 വരെ ശ്രീമതി. സൗമ്യശ്രീ പി.കെ.യെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു.

പ്രസ്തുത നിയമനം താഴെ പറയുന്ന കാരണങ്ങളാൽ ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു.

സെക്കൻഡറി/ഹയർ സെക്കൻഡറി തലങ്ങളിലോ ബിരുദ/ബിരുദാനന്തര/ അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതാ തലങ്ങളിലോ നിയമനാർത്ഥി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടില്ല. ഇവയിൽ ഏതെങ്കിലും ഒരു തലത്തിൽ മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുണ്ടെങ്കിൽ മാത്രമേ LPST/UPST നിയമനത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ എന്ന് സ.ഉ.(കൈ)നമ്പർ.67/2018/പൊ.വി.വ തിയതി 22/05/2018-ൽ വ്യക്തമാക്കിയിട്ടുണ്ട്. നിയമനാർത്ഥി സമർപ്പിച്ചിട്ടുള്ള സംസ്ഥാന സാക്ഷരതാ മിഷന്റെ "പച്ച മലയാളം" കോഴ്സ് വിജയിച്ചതായുള്ള സർട്ടിഫിക്കറ്റ് LPST/UPST നിയമനത്തിന് മതിയായ യോഗ്യതയായി അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവുകളൊന്നും സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ KERഅദ്ധ്യായം XIV ചട്ടം 8 (3) പ്രകാരം ഈ നിയമനം നിരസിച്ചുത്തരവാകുന്നു.

കേരളത്തിലെ എയ്ഡഡ് മേഖലയിലെ അദ്ധ്യാപക/അനദ്ധ്യാപക നിയമനങ്ങൾ കേരള വിദ്യാഭ്യാസ നിയമത്തെ (കെ.ഇ.ആർ) അടിസ്ഥാനപ്പെടുത്തിക്കൊണ്ട് നടത്തുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കെ.ഇ.ആർ. അദ്ധ്യായം 31 ചട്ടം 3-ലാണ് UPST നിയമനത്തിനുള്ള യോഗ്യതകളെ കുറിച്ച് പരാമർശിച്ചിട്ടുള്ളത്. കെ.ഇ.ആർ.ലെ നിലവിലുള്ള നിയമപ്രകാരം UPST നിയമനത്തിന് വേണ്ട യോഗ്യതകളിൽ ഒന്നും തന്നെ സെക്കൻഡറി, ഹയർ സെക്കൻഡറി എന്നിവയിൽ ഏതെങ്കിലും ഒന്നിൽ മലയാളം ഒരു പാഠ്യവിഷയമായി പഠിച്ചിരിക്കണമെന്നോ, ബിരുദ ബിരുദാനന്തര അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതകൾ എന്നിവയിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റെഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിരിക്കണമെന്നോ നിഷ്കർഷിച്ചിട്ടില്ല.

പ്ലസ് ടു കോഴ്സിനോടൊപ്പം ടിടിസി, അല്ലെങ്കിൽ ബിരുദവും ബി.എഡുമാണ് UPST-യുടെ അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. ഇതിനു പുറമെ കേന്ദ്ര വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി K-TET യോഗ്യതാ പരീക്ഷയും കൂടി 2012 മുതൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. ബിരുദവും, ബി.എഡും, കെ.ടെറ്റ് യോഗ്യതയുമുള്ള ശ്രീമതി.സൗമ്യശ്രീക്ക് UPST തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനത്തിന് തസ്തികയും 30 ദിവസത്തിലധികമുള്ള നിയമനവുമുണ്ട്.

KER അദ്ധ്യായം 31 ചട്ടം 3-ൽ മലയാളം ഒരു ഭാഷയായി പഠിച്ചിരിക്കണമെന്ന് നിഷ്ക്കർഷിക്കുന്നില്ല. എന്നാൽ സ.ഉ.(കൈ) നമ്പർ 67/2018/പൊ.വി.വ തിയതി 22/05/2018 പ്രകാരമാണ് മലയാള ഭാഷാപഠനം പ്രൈമറി അദ്ധ്യാപക നിയമനത്തിന് നിർബന്ധമാക്കിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം KER-ൽ നാളിതുവരെ ഭേദഗതി വരുത്തിയിട്ടില്ല എന്ന് ബോധിപ്പിക്കുന്നു. അതിനാൽ തന്നെ ഈ ഉത്തരവ് പ്രകാരം നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന് പര്യാപ്തമല്ലെന്നു പൊതുവായി അംഗീകരിക്കപ്പെട്ട നിയമതത്വമാണ്. ബഹു.കേരളാ ഹൈക്കോടതിയും, സുപ്രീം കോടതിയും ഈ തത്വത്തെ നിരവധി കേസുകളിൽ ശരി വെച്ചിട്ടുണ്ട്. ബഹു. കേരളാ ഹൈക്കോടതി സമാനമായ സാഹചര്യത്തിൽ പുറപ്പെടുവിച്ച ഒരു വിധി ന്യായത്തിന്റെ പ്രസക്ത ഭാഗം താഴെ ചേർക്കുന്നു.

WP(C)No. 29317/2016, Sharmina V.M. vs The Deputy Director of Education കേസിൽ ബഹു. ഹൈക്കോടതി താഴെ പറയും പ്രകാരം നിരീക്ഷിക്കുകയും മലയാളം ഒരു പാഠ്യവിഷയമായി പഠിച്ചിട്ടില്ലാത്ത ഷർമിനയുടെ നിയമനം അംഗീകരിക്കാൻ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്.

"It is trite that Government Orders prescribing qualification cannot supplant the qualifications prescribed in the Rules and in the event of conflict, it is the Rule that should prevail".

W.A.No.135/2017 തീയതി 07/09/2016 പ്രകാരം ഡിവിഷൻ ബെഞ്ചിൽ സർക്കാർ അപ്പീൽ സമർപ്പിച്ചെങ്കിലും സിംഗിൾ ബെഞ്ചിന്റെ വിധി ഡിവിഷൻ ബെഞ്ച് ശരി വെക്കുകയുണ്ടായി. നിയമപരമായ ഒരു തർക്കം ഉണ്ടാവുമ്പോൾ സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങൾക്കാണ് പ്രാധാന്യവും മുൻഗണനയും നൽകേണ്ടതെന്ന് നിരവധി ഉത്തരവുകളിലൂടെ ബഹു. ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. KER-ൽ അനുശാസിക്കുന്ന തരത്തിലാണ് നിയമനങ്ങൾ നടത്തേണ്ടതെന്നും അതിനാൽ തന്നെ സർക്കാർ ഉത്തരവുകളുടെ പിൻബലത്തിൽ നിയമനങ്ങൾ നിരസിക്കുന്നത് നീതീകരിക്കാവുന്നതല്ലെന്ന് ബഹു.കോടതി വ്യക്തമാക്കിയിട്ടുള്ളതാണ്.

മലയാള ഭാഷയിൽ ആശയവിനിമയം നടത്തുന്നതിനും പാഠ്യ വിഷയങ്ങൾ വിദ്യാർഥികൾക്ക് വിശദീകരിച്ചു കൊടുക്കുന്നതിനുമുള്ള പ്രായോഗിക അറിവും പ്രാവീണ്യവും ഉണ്ടായിരിക്കണമെന്നാണ് സർക്കാർ ഉത്തരവ് (കൈ) നമ്പർ 67/2018/പൊ.വി.വ തിയതി

22/05/2018 കൊണ്ട് യഥാർത്ഥത്തിൽ ലക്ഷ്യമാക്കുന്നതെന്ന് മനസിലാക്കുന്നു.

ശ്രീമതി.സൗമ്യശ്രീ കേരളത്തിൽ ജനിച്ചു വളർന്ന് കേരളത്തിലെ കേന്ദ്രീയ വിദ്യാലയത്തിൽ നിന്ന് പത്താം ക്ലാസ്സ് പഠനം പൂർത്തീകരിച്ച വ്യക്തിയാണ്. കേന്ദ്രീയ വിദ്യാലയത്തിൽ പഠിച്ചതിനാലാണ് മലയാളം ഒരു പഠനവിഷയമാകാതിരുന്നത്. കേരളാ സംസ്ഥാന സർക്കാരിന്റെ ഹയർ സെക്കൻഡറി ബോർഡ് നടത്തുന്ന പരീക്ഷ വിജയിക്കുകയും, തുടർന്ന് ഡിഗ്രി, ബി.എഡ്. എന്നിവ കോഴിക്കോട് സർവകലാശാലയിൽ നിന്നും കരസ്ഥമാക്കിയിട്ടുള്ളതുമാണ്. അതിനാൽ തന്നെ വിദ്യാർത്ഥികളുമായി ആശയവിനിമയം നടത്തുന്നതിനും, പാഠ്യ വിഷയങ്ങൾ വിദ്യാർത്ഥികൾക്ക് വിശദീകരിച്ചു മനസ്സിലാക്കി കൊടുക്കുന്നതിനും ടിയാരിക്ക് സാധിക്കും എന്ന് ബോധിപ്പിക്കുന്നു. ശ്രീമതി. സൗമ്യശ്രീ K-TET യോഗ്യത നേടിയിട്ടുണ്ട്. അതിനാൽ UPST നിയമനത്തിന് വേണ്ട എല്ലാ യോഗ്യതകളും ടിയാൾക്കുണ്ടെന്ന് ബോധിപ്പിക്കുന്നു. ഇതിന് പുറമെ കേരള സർക്കാരിന്റെ കീഴിലും നിയന്ത്രണത്തിലുമുള്ള സാക്ഷരതാ മിഷൻ നടത്തുന്ന പച്ച മലയാളം കോഴ്സ് പരീക്ഷ "എ" ഗ്രേഡോടെ ടിയാൾ പാസ്സ് ആയിട്ടുണ്ട്. ഇതിൽ നിന്നും ശ്രീമതി.സൗമ്യശ്രീക്ക് മലയാളം അനായാസം കൈകാര്യം ചെയ്യാൻ സാധിക്കും എന്ന വസ്തുത അങ്ങയെ ബോധിപ്പിക്കുന്നു.

മേൽപ്പറഞ്ഞ KER-ലെ സ്റ്റാറ്റ്യൂട്ടറി ചട്ടത്തിന് നാളിതു വരെയും ഭേദഗതി വരുത്തിയിട്ടില്ല എന്നതിനാൽ മലയാളം പഠിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിച്ച നിരവധി നിയമനങ്ങൾ സർക്കാർ തന്നെ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. അവയിൽ വളരെ പ്രധാനപ്പെട്ട ഉത്തരവുകളുടെ വിശദീകരണം ചേർക്കുന്നു.

ജി.ഒ.(പി) നമ്പർ 10/2022 തിയതി 14/10/2022 (സൂചന 03)ബി.പി.&എ.ആർ.ഡി പ്രകാരം കെ.എസ് & എസ്.എസ്.ആറിൽ ചട്ടം 10-ന് വരുത്തിയ ഭേദഗതി അനുസരിച്ച് മലയാളം പഠിച്ചിട്ടില്ലാത്തവർ പ്രോബേഷണറായി സേവനത്തിൽ പ്രവേശിച്ചാൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുൻപ് PSC നടത്തുന്ന മലയാളം ടെസ്റ്റ് പാസ്സായാൽ മതിയെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. അതായത്, സേവനത്തിൽ പ്രവേശിക്കുന്നതിന് മലയാളം പഠിച്ചിട്ടില്ലായെന്നത് അയോഗ്യതയായി കണക്കാക്കുന്നില്ല. മറിച്ച്, പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുൻപ് PSC നടത്തുന്ന മലയാളം പരീക്ഷ പാസ്സായാൽ മതിയെന്നാണ്.

LP-UP അദ്ധ്യാപക നിയമനത്തിന് മലയാളം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വളരെ മുൻപ് തന്നെ അദ്ധ്യാപക നിയമനത്തിന് അവശ്യം വേണ്ട അക്കാദമിക് യോഗ്യതകൾ ശ്രീമതി. സൗമ്യശ്രീ നേടിയിട്ടുണ്ട്. KER-ലെ ചട്ടങ്ങൾക്ക് ഭേദഗതി വരുത്താതെയാണ് LP, UP അദ്ധ്യാപക നിയമനത്തിന് മലയാളം നിർബന്ധമാക്കി സർക്കാർ

ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

14/10/2022-ൽ KS&SSR ചട്ടം 10-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് PSC ഇന്നേ വരെ മലയാളം പരീക്ഷ നടത്തിയിട്ടില്ല. KER അദ്ധ്യായം 31 ചട്ടം (3) പ്രകാരം ഡിഗ്രിയും പ്രസ്തുത ഡിഗ്രിയിൽ തന്നെയുള്ള B.Ed-ഉം UPST നിയമനത്തിന് അനുയോജ്യമായ യോഗ്യതകളാണ്. B.Ed-ന് അഡ്മിഷൻ നൽകുമ്പോൾ മലയാളം പഠിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല, മലയാളം പഠിക്കാത്തവർക്ക് B.Ed കോഴ്സിന് അഡ്മിഷൻ നൽകുന്നതിന് നാളിതുവരെ നിയന്ത്രണങ്ങൾ/വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതായി അറിയില്ല. B.Ed പരിശീലനത്തിന്റെ ഭാഗമായി ടിയാരി ട്രെയിനിംഗ് ക്ലാസ്സുകൾ നടത്തിയിട്ടുള്ളത് മലയാളം മീഡിയം സ്കൂളുകളിലാണ്.

കെ.ഇ.ആർ. അനുശാസിക്കുന്ന നടപടികൾക്ക് വിരുദ്ധമായി സഉ.(കൈ)നം.67/2018/പൊ.വി.വ തിയതി 22/05/2018 നിലനിൽക്കുന്നുണ്ടെങ്കിലും അതിന് നിയമപരമായ സാധുതയില്ല. മേൽപറഞ്ഞ ഭേദഗതി കെ.ഇ.ആറിൽ വരുത്തിയിട്ടില്ല എന്ന് പ്രസ്തുത ഉത്തരവിൽ തന്നെ വ്യക്തമാക്കുന്നുണ്ട്. ഇതിനു പുറമെ, കെ.ഇ.ആർ. അധ്യായം XXXI ചട്ടം 3 പ്രകാരം UPST-ക്ക് വേണ്ട യോഗ്യതകളിൽ ഒന്നും തന്നെ SSLC, Pre- Degree Or, + 2, Degree, Training എന്നിവ മലയാളം മീഡിയത്തിൽ ആയിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടില്ല. കൂടാതെ, 14-06-2002-ൽ പുറപ്പെടുവിച്ചിട്ടുള്ള G.O.(Ms)No.143/02-ന്റെ appendix-ൽ മലയാളം പാർട്ട് 1, പാർട്ട് 2 അല്ലെങ്കിൽ SSLC-ക്ക് മലയാളം മീഡിയത്തിൽ പഠിച്ചിരിക്കണം എന്ന് പറയുന്നില്ല. ഡിഗ്രി. ബി.എഡ് എന്നിവയുടെ കാര്യത്തിലും മലയാളം നിർബന്ധമായി പഠിച്ചിരിക്കണം എന്ന് പറയുന്നില്ല.

അദ്ധ്യാപക നിയമനം അംഗീകരിക്കാൻ അവശ്യം വേണ്ട യോഗ്യതയാണ് K.TET. ഈ പരീക്ഷ നടത്തുന്നത് സംസ്ഥാന പരീക്ഷാ ഭവൻ ആണ്. അദ്ധ്യാപക നിയമനത്തിന് മാത്രം വേണ്ട K.TET പരീക്ഷയുടെ നോട്ടിഫിക്കേഷനിൽ മലയാളം പഠിക്കാത്തവർ K.TET യോഗ്യതാ പരീക്ഷയിൽ വിജയിച്ചാലും നിയമനം അംഗീകരിക്കില്ല എന്ന് രേഖപ്പെടുത്തിയിട്ടില്ല. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള പോസ്റ്റൽ സർവീസിൽ സേവനമനുഷ്ഠിക്കുന്നവരും അവർക്ക് പ്രൊമോഷൻ ലഭിക്കാൻ വേണ്ട യോഗ്യതക്കായി പച്ച മലയാളം കോഴ്സിൽ ചേർന്ന് പഠിക്കുന്നുണ്ട്, പരീക്ഷ എഴുതുന്നുണ്ട്. അതായത് കേന്ദ്രസർക്കാർ സേവനത്തിൽ പോലും കേരളാ സാക്ഷരതാ മിഷന്റെ കോഴ്സും, പരീക്ഷയും അംഗീകരിക്കുന്നുണ്ട്.

ശ്രീമതി.സൗമ്യശ്രീയുടെ കേസ് എല്ലാ അർത്ഥത്തിലും മേൽ വിവരിച്ച കേസുകളുടെ ഗണത്തിൽ പെടുന്നതാകയാൽ മേൽ കേസുകളിൽ നൽകിയിട്ടുള്ള അനുകൂല വിധിക്ക് ടിയാരിയും

അർഹയാണെന്നും അത്തരത്തിലുള്ള അനുകൂല ഉത്തരവ് നൽകി ശ്രീമതി.സൗമ്യശ്രീയുടെ പ്രയാസങ്ങൾക്ക് അറുതി വരുത്തണമെന്ന് അപേക്ഷിക്കുന്നു. മേൽ വിവരിച്ച കാരണങ്ങളാലും സാഹചര്യത്തിലും എന്റെ വിശദീകരണം സ്വീകരിച്ച് താഴെ പറയുന്ന അപേക്ഷകളിൽ അനുകൂല ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിക്കുന്നു.

1) 20.10.2022 മുതൽ 28.02.2023 വരെയുള്ള ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം നിരസിച്ച ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നിരസിക്കുക.

2) 20/10/2022 മുതൽ 28/02/2023 വരെയുള്ള ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം അംഗീകരിക്കാൻ ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുക."

**4. പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.**

"വരോട് എ.യു.പി. സ്കൂളിലെ യു.പി.എസ്.ടി. ആയ ശ്രീമതി. സുമതി പള്ളിയാൽത്തൊടി 20/10/2022 മുതൽ 28/02/2023 വരെ (132 ദിവസം) പരിവർത്തിതാവധി എടുത്ത ഒഴിവിൽ ശ്രീമതി. സൗമ്യശ്രീ പി.കെ.യെ യു.പി.എസ്.ടി തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ 20/10/2022 മുതൽ 28/02/2023 വരെ മാനേജർ നിയമിച്ചു. എന്നാൽ ടി നിയമനം ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

സെക്കൻഡറി/ഹയർ സെക്കൻഡറി തലങ്ങളിലോ ബിരുദ/ബിരുദാനന്തര/ അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതാ തലങ്ങളിലോ ശ്രീമതി. സൗമ്യശ്രീ പി.കെ. മലയാളം ഒരു ഭാഷയായി പഠിച്ചിട്ടില്ല. ഇപ്രകാരം ഏതെങ്കിലും ഒരു തലത്തിൽ മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുണ്ടെങ്കിൽ മാത്രമേ എൽ.പി.എസ്.ടി/യു.പി.എസ്.ടി നിയമനത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളു എന്ന് സർക്കാർ ഉത്തരവ് (കൈ) നമ്പർ 67/2018/പൊ.വി.വ തിയ്യതി 22/05/2018-ൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ ആണ് ടി നിയമനം നിരസിച്ചിട്ടുള്ളത് എന്ന് AEO റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ, ശ്രീമതി. സൗമ്യശ്രീ പി.കെ. സമർപ്പിച്ചിട്ടുള്ള സംസ്ഥാന സാക്ഷരതാ മിഷന്റെ "പച്ചമലയാളം" കോഴ്സ് വിജയിച്ചതായുള്ള സർട്ടിഫിക്കറ്റ് എൽ.പി.എസ്.ടി/യു.പി.എസ്.ടി നിയമനത്തിന് മതിയായ യോഗ്യതയായി അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളൊന്നും ലഭ്യമല്ല എന്നും AEO റിപ്പോർട്ട് ചെയ്തിരിക്കുന്നു.

G.O.(Ms)No.19/2023/GEDN തീയതി 24.02.2023 പ്രകാരം എസ്.എസ്.എൽ.സി.ക്ക് പാർട്ട് I അല്ലെങ്കിൽ പാർട്ട് II -ലോ അല്ലെങ്കിൽ പഠനമാധ്യമമായോ മലയാളം പഠിച്ചിട്ടുള്ളവരെ എൽ.പി, യു.പി അദ്ധ്യാപകരായി നിയമിക്കുന്നതാണ് ഉചിതമെന്ന്

വ്യക്തമാക്കിയിട്ടുമുണ്ട്. ടി സാഹചര്യത്തിൽ, മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. സൗമ്യശ്രീ പി.കെ.യുടെ നിയമനം പരിഗണിക്കാൻ കഴിയുകയില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.''

**5.** സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെയും മാനേജരുടെയും ഹെഡ്മാസ്റ്ററുടെയും വാദങ്ങളുടെയും കൂടിക്കാഴ്ചാ വേളയിൽ സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി.സുമതി പള്ളിയാൽത്തൊടി, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ 20.10.2022 മുതൽ 28.02.2023 വരെ പരിവർത്തിതാവധിയിൽ പ്രവേശിക്കുകയും ടി ഒഴിവിൽ ഹർജിക്കാരിയെ അപ്പർ പ്രൈമറി സ്കൂൾ അസിസ്റ്റന്റായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു. സെക്കൻഡറി/ഹയർ സെക്കൻഡറി തലങ്ങളിലോ ബിരുദ/ബിരുദാനന്തര/ അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതാ തലങ്ങളിലോ ഹർജിക്കാരി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടില്ലാത്തതിനാൽ ടിയാരിയുടെ നിയമനം നിരസിക്കപ്പെട്ടു. ഹർജിക്കാരി സംസ്ഥാന സാക്ഷരതാ മിഷന്റെ "പച്ചമലയാളം" കോഴ്സ് വിജയിച്ചതായുള്ള സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ടെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ ടി സർട്ടിഫിക്കറ്റ് എൽ.പി.എസ്.ടി./യു.പി.എസ്.ടി. നിയമനത്തിന് മലയാളം അടിസ്ഥാന യോഗ്യതയ്ക്ക് തുല്യമായി പരിഗണിക്കാവുന്ന തരത്തിലുള്ള സർക്കാർ ഉത്തരവുകളൊന്നും ലഭ്യമല്ലെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ വ്യക്തമാക്കുന്നു. G.O.(Ms)No.67/2018/G.Edn dated 22.05.2018 പ്രകാരം സെക്കൻഡറി/ഹയർ സെക്കൻഡറി തലങ്ങളിലോ ബിരുദ/ ബിരുദാനന്തര/അധ്യാപക ട്രെയിനിംഗ് യോഗ്യതാ തലത്തിലോ മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുണ്ടെങ്കിൽ മാത്രമേ എൽ.പി.എസ്.ടി./യു.പി.എസ്.ടി. നിയമനത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. G.O.(Ms)No.19/2023/G.Edn dated 24.02.2023 പ്രകാരം SSLC-യ്ക്ക് Part I അല്ലെങ്കിൽ Part II അല്ലെങ്കിൽ പഠനമാധ്യമമായോ മലയാളം പഠിച്ചിട്ടുള്ളവരെ എൽ.പി.എസ്.ടി. അധ്യാപകരായി നിയമിക്കുന്നതാണ് ഉചിതമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

**6.** പരാമർശം 2 വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം എക്സിബിറ്റുകൾ പരിശോധിക്കുമ്പോൾ, "EXT P4(g) -Kerala State Literacy Mission Authority-യുടെ Pacha Malayalam Certificate Course ഹർജിക്കാരി A ഗ്രേഡിൽ പാസ്സായിട്ടുണ്ട്; EXT P5(Govt. Lr.No.A2/187/2019/GEdn dtd 29.8.2019)- സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളെ

സർക്കാർ ഉത്തരവുകൾ വഴി മറികടക്കാൻ സാധ്യമല്ലെന്ന നിരവധി കോടതി വിധികൾ സർക്കാരിന്റെ മുന്നിലുണ്ടെന്ന് ഈ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്; EXT P6 (GO(Rt) No.1488/2021/GEDn dtd 30.4.2020)- സർക്കാർ പുറപ്പെടുവിച്ച 19.7.2005-ലെ GO(P)No.220/2005/GEdn പ്രകാരം അതത് വിഷയങ്ങളിൽ തന്നെ ബി.എഡ്. നേടിയിരിക്കണമെന്നുള്ള വ്യവസ്ഥയ്ക്കനുസൃതമായി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടില്ല എന്ന കാരണത്താൽ ടി ഉത്തരവിന് നിയമപ്രാബല്യമില്ല എന്ന് കോടതി വിധിന്യായമുണ്ടെന്ന് പരാമർശിക്കുന്നു.EXT P7 (GO(Rt)No. 424/2020/GEdn dtd 22.1.2020)- സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളെ സർക്കാർ ഉത്തരവുകൾ വഴി മറികടക്കാൻ സാധ്യമല്ലെന്നും, സർക്കാർ പുറപ്പെടുവിച്ച 19.7.2005-ലെ GO(P)No.220/2005/GEdn പ്രകാരം അതത് വിഷയങ്ങളിൽ തന്നെ ബി.എഡ്. നേടിയിരിക്കണമെന്നുള്ള വ്യവസ്ഥയ്ക്കനുസൃതമായി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടില്ല എന്ന കാരണത്താൽ ടി ഉത്തരവിന് നിയമപ്രാബല്യമില്ല എന്നും ടി ഉത്തരവിൽ പരാമർശിക്കുന്നു; EXT P8(GO(Rt)No.3327/2022/GEdn dtd2.6.2022) &EXT P9=GO(Rt)No.962/2022/GEdn dtd 19.2.2022) മേൽപ്പറഞ്ഞവ കൂടാതെ, മലയാളം ഒരു വിഷയമായി റെഗുലർ കോഴ്സുകൾ പഠിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിച്ച നിയമനങ്ങൾ സംബന്ധിച്ച ഹർജികൾ സർക്കാർ അനുവദിച്ചിട്ടുണ്ടെന്നും പരാമർശിക്കുന്നു."

**7.** KER അധ്യായം 31 ചട്ടം 3-ൽ യു.പി.എസ്.ടി. നിയമനത്തിന് മലയാളം ഒരു ഭാഷയായി പഠിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലെന്നും KER സ്റ്റാറ്റ്യൂട്ടറി ചട്ടത്തിന് നാളിതുവരെ ഭേദഗതി വരുത്തിയിട്ടില്ലെന്നും, മലയാളം പഠിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിച്ച നിരവധി നിയമനങ്ങൾ സർക്കാർ തന്നെ അംഗീകരിച്ചിട്ടുണ്ടെന്നും, G.O.(P)No.10/2022/P&ARD dated 14.10.2022 പ്രകാരം KS&SSR ചട്ടം 10-ന് വരുത്തിയ ഭേദഗതി അനുസരിച്ച്, മലയാളം പഠിച്ചിട്ടില്ലാത്തവർ പ്രൊബേഷണറായി സേവനത്തിൽ പ്രവേശിച്ചാൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനു മുൻപ് PSC നടത്തുന്ന മലയാളം ടെസ്റ്റ് പാസ്സായാൽ മതിയെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും ഹർജിക്കാരി വാദിക്കുന്നു. ശ്രീമതി.സുമതി എന്ന അദ്ധ്യാപിക പരിവർത്തിതാവധിയിൽ പ്രവേശിച്ചപ്പോൾ സ്കൂളിന്റെ പ്രവർത്തനത്തിൽ തടസ്സം നേരിടാതിരിക്കുന്നതിനുള്ള നടപടി എന്ന നിലയിലാണ് ഹർജിക്കാരിയെ 20.10.2022 മുതൽ 28.02.2023 വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത് എന്ന് കാണുന്നു.

**8.** മേൽ സാഹചര്യത്തിൽ, **19/03/2002**-ലെ സ.ഉ. (സാധാ)നം.**534/2002**/പൊ.വി.വ അനുസരിച്ചുള്ള ഭേദഗതി കെ.ഇ.ആർ.ൽ

വരുത്തിയിട്ടില്ലാത്തതിനാലും, സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളെ എക്സിക്യൂട്ടീവ് ഉത്തരവ് വഴി മറികടക്കാൻ സാധിക്കാത്ത സാഹചര്യത്തിലും ശ്രീമതി. സൗമ്യശ്രീ പി.കെ. കെ.ഇ.ആർ അധ്യായം 31 ചട്ടം 3(1) പ്രകാരം യു.പി.എസ്.റ്റി നിയമനത്തിനാവശ്യമായ വിദ്യാഭ്യാസ/അധ്യാപക ട്രെയിനിംഗ് യോഗ്യതകൾ നേടിയിട്ടുള്ള പക്ഷം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ടിയാളുടെ 20/10/2022 മുതൽ 28/02/2023 വരെയുള്ള ദിവസവേതനാടിസ്ഥാനത്തിലുള്ള യു.പി.എസ്.ടി നിയമനം അംഗീകരിച്ച് നൽകുവാൻ ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫസർക്ക് നിർദ്ദേശം നൽകി, പാലക്കാട് വരോട് എ.യു.പി. സ്കൂൾ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സൗമ്യശ്രീ വി.കെ. സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (EXT P10) പുന:പരിശോധന ഹർജി തീർപ്പാക്കി, അപ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.
മാനേജർ, എ.യു.പി. സ്കൂൾ, വരോട്, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ.യു.പി. സ്കൂൾ, വരോട്, പാലക്കാട്.
ശ്രീമതി. സൗമ്യശ്രീ വി. കെ, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
എ.യു.പി. സ്കൂൾ, വരോട്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 21-12-2023 10:57:35
സെക്ഷൻ ഓഫീസർ